2024
JULY
27
SATURDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com




## ക്ലിഫ് ഹൗസ്: കാലിത്തൊഴുത്തിന് ചെലവ് 23 ലക്ഷം, ചാണകക്കുഴിക്കു 4.40 ലക്ഷം

**തിരുവനന്തപുരം :** മുഖ്യമന്ത്രിയുടെ വസതിയായ ക്ലിഫ് ഹൗസിലെ കാലിത്തൊഴുത്തിന് 23 ലക്ഷവും ചാണകക്കുഴിക്കു 4.40 ലക്ഷവും ചെലവാക്കി. ഏറ്റവും കൂടുതൽ തുകയുടെ നിർമാണ ക്കരാർ ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കാണ്. 2021 മുതൽ ചെലവഴിച്ച തുകയുടെ കണക്കാണു നിയമസഭയിൽ വെളിപ്പെടുത്തിയത്.

ക്ലിഫ് ഹൗസിലെ നിർമാണങ്ങൾക്കായി മരാമത്തു വകുപ്പ് 3 വർഷത്തിനിടെ ചെലവാക്കിയത് 1.80 കോടി രൂപയാണ്. ഏറ്റവും കൂടുതൽ തുകയായതു സെക്യൂരിറ്റി ഗാർഡ് റൂം നിർമിക്കാനാണ്. 98 ലക്ഷം രൂപ. ലിഫ്റ്റ് വയ്ക്കാൻ 17 ലക്ഷവും ലിഫ്റ്റ് വച്ചപ്പോൾ പൈപ്‌ലൈൻ മാറ്റാനായി 5.65 ലക്ഷവും വേണ്ടിവന്നു. 12 ലക്ഷമാണു ക്ലിഫ് ഹൗസിലെ പെയ്ന്റിങ് ചെലവ്. 2 തവണയായി ശുചിമുറി നന്നാക്കാൻ 2.95 ലക്ഷം മുടക്കി. ബാക്കിയുള്ള പണികളുടെ ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്.



## പാരീസ് ഒളിമ്പിക്സ്: ദീപം തെളിച്ച് ടെഡി റൈനറും മറീ ജോസെ പെരക്കും

**പാരീസ്:** പാരീസ് ഒളിമ്പിക്സിന് വർണാഭമായ തുടക്കം. ഫ്രഞ്ച് ജൂഡോ ഇതിഹാസം ടെഡി റൈനറും അത്‌ലറ്റ് മറീ ജോസെ പെരക്കും ആണ് ദിപം തെളിച്ചത്. സെറീന വില്യംസ്, നദാൽ, കാൾ ലൂയിസ്, നദിയ കൊമനേച്ചി, സിദാൻ എന്നിവരും ദീപശിഖയേന്തി.ഒളിമ്പിക്സ് ജൂഡോയിൽ തുടർച്ചയായ മൂന്ന് തവണ സ്വർണം നേടിയ താരമാണ് ടെഡി റൈനർ. മൂന്ന് തവണ ഫ്രാൻസിനായ സ്വർണം നേടിയ അത്‌ലറ്റാണ് മറീ ജോയെ പെരെക്. ഉദ്ഘാടന ചടങ്ങ് നാല് മണിക്കൂർ നീണ്ടു. മത്സരവേദിക്ക് പുറത്ത് ഉദ്ഘാടന ചടങ്ങ് നടന്നത് ചരിത്രത്തിലാദ്യം.ഒരു മിനിറ്റിലധികം നീണ്ടുനിന്ന ആമുഖ വീഡിയോ പ്രദർശനത്തോടെയാണ് ചടങ്ങ് ആരംഭിച്ചത്. ആമുഖ വീഡിയോയ്ക്ക് ശേഷം ഓരോ രാജ്യങ്ങളുടെയും താരങ്ങളുമായി മാർച്ച് പാസ്റ്റ് ആരംഭിച്ചു. ഗ്രീസ് താരങ്ങളുടെ വരവോടെയാണ് മാർച്ച് പാസ്റ്റിന് തുടക്കമിട്ടത്.പി.വി. സിന്ധുവും അചന്ത ശരത്കമലുമാണ് ഇന്ത്യക്ക് വേണ്ടി മാർച്ച് പാസ്റ്റിൽ പതാകയേന്തിയത്. 12 വിഭാഗങ്ങളിൽ നിന്നായി 78 പേരാണ് ഉദ്ഘാടന ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത്.



# കാർഗിൽ യുദ്ധവിജയ സ്മരണയിൽ രാജ്യം

**ന്യൂഡൽഹി:** കാർഗിൽ യുദ്ധവിജയത്തിന്റെ സ്മരണയിൽ രാജ്യം. യുദ്ധവിജയത്തിന്റെ 25ാം വാർഷികത്തിൽ ദ്രാസിലെ യുദ്ധസ്മാരകത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പുഷ്പചക്രം അർപ്പിച്ചു. വീരമൃത്യു വരിച്ച ജവാൻമാർക്ക് ആദരാഞ്ജലിയും അർപ്പിച്ചു. കാർഗിലിൽ വീരമൃത്യു വരിച്ച സൈനികർ അമരത്വം നേടിയവരാണെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഓരോ സൈനികന്റെയും ത്യാഗം സ്മരിക്കുന്നുവെന്നും കാർഗിലിലേത് പാക്കിസ്ഥാൻ ചതിക്കെതിരായ വിജയമെന്നും മോദി പറഞ്ഞു.

ഭീകരവാദം ഉപയോഗിച്ചു വിജയിക്കാനാവില്ലെന്നു പ്രധാനമന്ത്രി പാക്കിസ്ഥാന് മുന്നറിയിപ്പും നൽകി. പാക്കിസ്ഥാൻ മുൻകാല തെറ്റുകളിൽനിന്ന് പാഠം പഠിക്കുന്നില്ല. വീണ്ടും ഒളിയുദ്ധങ്ങൾ നടത്തുകയാണ്. കഴിഞ്ഞ കാലങ്ങളിൽ പാക്കിസ്ഥാൻ നടത്തിയ എല്ലാ ഹീനമായ ശ്രമങ്ങളിലും അവർ പരാജയപ്പെട്ടു. എന്നാൽ പാക്കിസ്ഥാൻ മുൻകാല ചരിത്രത്തിൽനിന്ന് ഒന്നും പഠിച്ചിട്ടില്ല.

ഭീകരതയുടെ യജമാനന്മാർക്ക് എന്റെ ശബ്ദം നേരിട്ട് കേൾക്കാൻ കഴിയുന്ന ഒരിടത്തു നിന്നാണ് ഇന്നു ഞാൻ സംസാരിക്കുന്നത്. നിങ്ങളുടെ നീചമായ ഉദ്ദ്യേശങ്ങൾ ഒരിക്കലും നടക്കില്ലെന്നാണ് തീവ്രവാദത്തിന്റെ രക്ഷാധികാരികളോട് എനിക്ക് പറയാനുള്ളത്. നമ്മുടെ സൈനികർ പൂർണ ശക്തിയോടെ ഭീകരവാദത്തെ തകർക്കുകയും ശത്രുവിന് തക്ക മറുപടി നൽകുകയും ചെയ്യും" മോദി പറഞ്ഞു.

കരസേനയുടെയും വ്യോമസേനയുടെയും ഹെലികോപ്റ്ററുകൾ യുദ്ധസ്മാരകത്തിന് മുകളിൽ പുഷ്പവൃഷ്ടി നടത്തി. കാർഗിൽ യുദ്ധവിജയത്തിന്റെ 25 ാം വാർഷികത്തിന്റെ ഭാഗമായി സ്റ്റാമ്പും പുറത്തിറക്കും. ലഡാക്കിൽ നിന്നും കശ്മീരിൽ നിന്നും നിരവധിയാളുകൾ പരിപാടിക്ക് എത്തിയിട്ടുണ്ട്. ദ്രാസിലെ യുദ്ധസ്മാരകത്തിൽ കഴിഞ്ഞ രണ്ടു ദിവസമായി വിവിധ പരിപാടികൾ നടത്തിയിരുന്നു. യുദ്ധത്തിൽ രാജ്യത്തിന് വേണ്ടി വീരചരമം പ്രാപിച്ചവരുടെ കുടുംബങ്ങളെ ആദരിച്ചിരുന്നു.

## ഹീമോഫീലിയ: 18 വയസ്സിന് താഴെയുള്ള മുഴുവൻ കുട്ടികൾക്കും എമിസിസുമാബ് ചികിത്സ

**തിരുവനന്തപുരം:** ഹീമോഫീലിയ ചികിത്സയിൽ ഇനി മുതൽ 18 വയസ്സിന് താഴെയുള്ള മുഴുവൻ കുട്ടികൾക്കും എമിസിസുമാബ് എന്ന വിലയേറിയ മരുന്ന് നൽകാൻ തീരുമാനിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. നൂതനമായ ഈ മരുന്ന് മാസത്തിലൊരിക്കൽ മാത്രം എടുത്താൽ മതിയാകും. ഹീമോഫിലിയ രോഗികളുടെ പരിചരണവും ചികിത്സയും ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതിയായ ആശാധാര പദ്ധതിയിലൂടെയാണ് ഇത് നടപ്പിലാക്കുക. ഏകദേശം 300 ഓളം കുട്ടികൾക്ക് ഇതിന്റെ ഫലം ലഭിക്കും.

ഹീമോഫിലിയ ചികിത്സയിൽ ഗോൾഡ് സ്റ്റാൻഡേർഡ് എന്നറിയപ്പെടുന്ന പ്രൊഫിലാക്സിസ് (പ്രതിരോധ ചികിത്സ) 2021 മുതൽ നൽകി വരുന്നുണ്ട്.

ഇത്തരത്തിൽ പ്രൊഫിലാക്സിസ് ചികിത്സ ഇത്രയധികം രോഗികൾക്ക് നൽകുന്നതും ലോകത്തിൽ തന്നെ ആദ്യസംഭവമാണെന്നും ആദ്യമായി കേരളത്തിലാണെന്നും മന്ത്രി അറിയിച്ചു. ഹീമോഫിലിയ രോഗികൾക്ക് രക്തസ്രാവവും അംഗവൈകല്യങ്ങളും ഇല്ലാത്ത ജീവിതമുറപ്പുവരുത്തുക' എന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പാണ് വിപ്ലവകരമായ ഈ തീരുമാനമെന്നും മന്ത്രി പറഞ്ഞു.

എമിസിസുമാബ് എന്ന ഈ നൂതന ചികിത്സാ 2021 മുതൽ തിരഞ്ഞെടുത്ത രോഗികളിൽ നമ്മൾ നൽകി വരുന്നുണ്ട്. കഴിഞ്ഞ 3 വർഷത്തെ ചികിത്സയുടെ ഫലപ്രാപ്തിയുടെ അടിസ്ഥാനത്തിലാണ് കൂടുതൽ രോഗികൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ 18 വയസിൽ താഴെയുള്ള മുഴുവൻ രോഗികൾക്കും വിലകൂടിയ മരുന്ന് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്.

കുട്ടികൾ ഈ മരുന്നിലേക്ക് മാറുന്നത് വഴി ആഴ്ചയിൽ 2 തവണ വീതമുള്ള ആശുപത്രി സന്ദർശനവും ഞരമ്പിലൂടെയുള്ള ഇഞ്ചക്ഷനുകളുടെ കാഠിന്യവും അതിനോടനുബന്ധിച്ചുള്ള സ്കൂൾ മുടക്കങ്ങളും മാതാപിതാക്കളുടെ തൊഴിൽ നഷ്ടവും ഗണ്യമായി കുറയും. അവരുടെ ജീവിതനിലവാരം ഉയർത്താൻ സാധിക്കുകയും ചെയ്യും. വീണാ ജോർജ്ജ് അറിയിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY




# വിഎച്ച്പി കേന്ദ്രഗവേണിംഗ് കൗൺസിൽ യോഗത്തിന് ഇന്ന് തുടക്കം

**ജോധ്പൂർ:** വിശ്വഹിന്ദു പരിഷത്തിന്റെ കേന്ദ്രഗവേണിംഗ് കൗൺസിലിന്റെ ദ്വിദിന യോഗത്തിന് ഇന്ന് ജോധ്പൂരിൽ തുടക്കമാകും. ജോധ്പൂർ രത്തനാഡാ റോഡിലെ മഹേശ്വരി ജൻ ഉപയോഗി ഭവനിൽ നടക്കുന്ന യോഗത്തിൽ നിയമവിരുദ്ധ മതപരിവർത്തനം നിരോധിക്കുക, ക്ഷേത്രങ്ങളെ സർക്കാർ നിയന്ത്രണത്തിൽ നിന്നും മോചിപ്പിക്കുക, ജനസംഖ്യാ അസന്തുലിതാവസ്ഥ. സ്വയം തൊഴിൽ, സ്വയം പര്യാപ്തത, വിദ്യാഭ്യാസം, ആരോഗ്യം, സേവനം, സമരസത,ഹിന്ദു അഭയാർഥികൾക്കുള്ള പൗരത്വ പുരോഗതിയുടെ അവലോകനം, സ്ത്രീ ശാക്തീകരണം, കുടുംബ പ്രബുദ്ധത, ഹിന്ദു മൂല്യങ്ങൾക്കെതിരായ ആക്രമണങ്ങൾ എന്നിവയ്ക്കൊപ്പം കുംഭമേള തയ്യാറെടുപ്പുകൾ തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്യും.

വിഎച്ച്പി, ബജ്റംഗ്ദൾ, ദുർഗ്ഗ വാഹിനി, മാതൃശക്തി എന്നിവയുടെ 300 ഓളം കേന്ദ്രീയ,ക്ഷേത്രീയ, സംസ്ഥാന ഭാരവാഹികൾ അടക്കമുള്ളവർ യോഗത്തിൽ പങ്കെടുക്കും.

ശ്രീകൃഷ്ണ ജയന്തി വിശ്വഹിന്ദു പരിഷത്തിന്റെ 60ാം വാർഷികാഘോഷം,സംഘടനയുടെ 60ാം സ്ഥാപകദിനാഘോഷ സമാപനം എന്നിവയുടെ കർമ്മ പദ്ധതിയ്ക്കും യോഗം അന്തിമ രൂപം നൽകുമെന്ന് വിഎച്ച് പി ദേശീയ വക്താവ് വിനോദ് ബൻസാൽ അറിയിച്ചു.



## ദേശീയപാതയിലെ നിർമ്മാണപ്രവർത്തനം വ്യാപാരികളുടെ ആശങ്കകൾ പരിഹരിക്കണം: എംഎൽഎ

**കോലഞ്ചേരി:** ദേശീയപാതയിൽ പുത്തൻകുരിശ് ടൗണിലെ നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുന്നതിലും, ടൗണിലെ വെള്ളക്കെട്ടും നടത്താൻ പോകുന്ന കാന നിർമ്മാണവും സംബന്ധിച്ചും വ്യാപാരികളിലും നാട്ടുകാരിലുമുള്ള ആശങ്കകൾ പരിഹരിച്ചശേഷം മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവൂവെന്ന് അഡ്വ.പി.വി. ശ്രീനിജിൻ എം.എൽ.എ. ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

എം.എൽ.എ. യുടെ നേതൃത്വത്തിൽ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ഭരണസമിതി, നാഷണൽ ഹൈവേ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, കരാർ ഏറ്റെടുത്തിട്ടുള്ള സ്ഥാപന പ്രതിനിധികൾ, പുത്തൻകുരിശ് മർച്ചന്റ്സ് അസ്സോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിലാണ് നിർദേശം നൽകിയത്.

മഴക്കാലത്ത് പുത്തൻകുരിശ് ടൗണിലെ വെള്ളക്കെട്ട് ഉണ്ടാകുന്ന പ്രദേശങ്ങളും എം.എൽ.എ. ഉദ്യോഗസ്ഥരോടൊപ്പം സന്ദർശിച്ചു.

സോണിയ മുരുകേശൻ, ജൂബിൾ ജോർജ്ജ്, കെ.കെ. അശോക് കുമാർ, വി.എസ്. ബാബു, റെജി കെ. പോൾ, എം.എം.തങ്കച്ചൻ തുടങ്ങിയവരും പങ്കെടുത്തു.

# ഇസാഫ് ബാങ്ക് അറ്റാദായം മുൻ പാദത്തേക്കാൾ 45% വർധന

**കൊച്ചി:** തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഷെഡ്യൂൾഡ് ബാങ്കായ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് 2025 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിലെ സാമ്പത്തിക ഫലം പ്രഖ്യാപിച്ചു.

ബാങ്കിന്റെ മൊത്ത ബിസിനസ് 23.4% വർധിച്ച് 40,551 കോടിയിലെത്തി. മുൻ വർഷം ഇതേ കാലയളവിൽ 32,860 കോടി രൂപയായിരുന്നു മൊത്ത ബിസിനസ്. മൊത്ത വായ്പ 30% വർധിച്ച് 18783 കോടിയിലെത്തി, കഴിഞ്ഞ വർഷമിത് 14444 കോടിയായിരുന്നു. ഈ പാദത്തിലെ മൊത്ത വായ്പ കഴിഞ്ഞ വർഷത്തേക്കാൾ 14.3% വർധനവിൽ 19664 കോടി രൂപയായി. ഇതിൽ 66% ചെറുകിട വായ്പകളും ബാക്കി 34% റീറ്റെയ്ൽ വായ്പകളുമാണ്. 2025 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ മൊത്ത വായ്പാ വിതരണം 4503 കോടി രൂപയാണ്, ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 4509 കോടി രൂപയായിരുന്നു. അതോടൊപ്പം ബാങ്കിന്റെ മൊത്തം നിക്ഷേപം 33.4% ഉയർന്ന് 20,887 കോടി രൂപയായി. കഴിഞ്ഞ വർഷമിത് 15,656 കോടി രൂപയായിരുന്നു. ബാങ്കിന്റെ കാസ നിക്ഷേപം 72.8 % ഉയർന്ന് 4927 കോടിയായി മുൻ വർഷം ഇതേ കാലയളവിൽ 2,852 കോടിയായിരുന്നു. അതോടൊപ്പം കാസാ അനുപാതം 23.6 ശതമാനമായി.

2025 സാമ്പത്തിക വർഷത്തിലെ ഒന്നാം പാദത്തിലെ അറ്റാദായം കഴിഞ്ഞ പാദത്തേക്കാൾ 44.8 % വർധിച്ച് 63 കോടിയിലെത്തി. 2024 സാമ്പത്തിക വർഷം നാലാം പാദത്തിൽ ഇത് 43 കോടിയായിരുന്നു. അറ്റ പലിശ വരുമാനത്തിൽ സ്ഥിര വളർച്ചയാണ് ബാങ്ക് കാഴ്ച വച്ചിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 591 കോടിയായിരുന്നത് ഈ വർഷം 588 കോടിയായി. അറ്റ പലിശ മാർജിൻ മാറ്റമില്ലാതെ 9.4 % ൽ തുടരുന്നു.

'കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് മൊത്തം ബിസിനസിന്റെ സുപ്രധാന മേഖലകളിൽ 23.4 ശതമാനത്തിന്റെ മികച്ച വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കാസ നിക്ഷേപങ്ങളിലടക്കം വർധനവ് പ്രകടമാണ്. ആകെ നിക്ഷേപങ്ങളുടെ 92 ശതമാനവും റീട്ടെയിൽ നിക്ഷേപങ്ങളാണ് എന്നുള്ളത് സാമ്പത്തിക സ്ഥിരതയെ കൂടുതൽ ബലപ്പെടുത്തുന്നു. ബിസിനസ് കറസ്പോണ്ടന്റ് മേഖലയിലുള്ള ഇസാഫ് ബാങ്കിന്റെ ആശ്രിതത്വം പരിമിതപ്പെടുത്തി, നഷ്ട സാധ്യതയുള്ള പ്രവർത്തനങ്ങളെ ലഘൂകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതോടൊപ്പം റിസ്ക് മാനേജ്മെന്റിനെ മെച്ചപ്പെടുത്തുകയും ചെയ്യും.' ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ പോൾ തോമസ് പറഞ്ഞു.

ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് 23 സംസ്ഥാനങ്ങളിലും 2 കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 755 ശാഖകളും 627 എടിഎമ്മുകളും പ്രവർത്തിക്കുന്നതുവഴി ബാങ്കിന്റെ വിതരണ ശൃംഖല വിപുലീകരിച്ചിട്ടുണ്ട്. താഴെക്കിടയിലുള്ള ആളുകളിലേക്ക് ബാങ്കിംഗ് സേവനങ്ങൾ എത്തിച്ച് ബാങ്കിന്റെ പ്രവർത്തനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് 35 ബിസിനസ് കറസ്പോണ്ടന്റുമാരുമായി സഹകരിച്ച് 1065 ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ ഇസാഫിന് കീഴിൽ പ്രവർത്തിച്ചു വരുന്നു.




# രാജ്യമെമ്പാടും അന്താരാഷ്ട്ര ജാവയെസ്ഡി ദിനാഘോഷം സംഘടിപ്പിച്ചു

**കൊച്ചി:** രാജ്യമെമ്പാടുമുള്ള നഗരങ്ങളിൽ വൻ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര ജാവയെസ്ഡി ദിനത്തിന്റെ 220മത് പതിപ്പ് ആഘോഷിച്ചു. വിവിധ സ്ഥലങ്ങളിലായി അയ്യായിരത്തിലേറെ മോട്ടോർ സൈക്കിൾ പ്രേമികളും, വിൻറേജ് ബൈക്ക് പ്രേമികളും ആഘോഷത്തിന്റെ ഭാഗമായി. ബെംഗളൂരു, ഡൽഹി എൻസിആർ, കൊച്ചി, പൂനെ, ചെന്നൈ, ജയ്പൂർ, ഹൈദരാബാദ് എന്നിവയ്ക്ക് പുറമേ ഏഴ് അധിക നഗരങ്ങളിലും വിപുലമായ ആഘോഷങ്ങൾ നടന്നു. വിവിധ മോട്ടോർസൈക്കിൾ ക്ലബ്ബുകളുടെയും കമ്മ്യൂണിറ്റികളുടെയും പിന്തുണയോടെ, ജാവയെസ്ഡി മോട്ടോർസൈക്കിൾ ഉടമകളാണ് പതിറ്റാണ്ടുകളായി റൈഡർമാരുടെ ഹൃദയം കവർന്ന ഈ ഐതിഹാസിക മോട്ടോർസൈക്കിളുകളോടുള്ള തങ്ങളുടെ സ്നേഹം പങ്കുവയ്ക്കുന്നതിനായി അന്തർദേശീയ ജാവയെസ്ഡി ദിനാഘോഷം സംഘടിപ്പിക്കുന്നത്.

വിൻറേജ് മോട്ടോർസൈക്കിൾ എക്സിബിഷനുകൾ, ഗ്രൂപ്പ് റൈഡുകൾ, സാങ്കേതിക ശിൽപ്പശാലകൾ, വ്യവസായ വിദഗ്ധരുമായി സംവാദ സെഷനുകൾ തുടങ്ങിയവ ഒത്തുചേരലിനെ കൂടുതൽ ആകർഷകമാക്കി. ജാവയെസ്ഡിയെ കുറിച്ചുള്ള തങ്ങളുടെ അവിസ്മരണീയമായ അനുഭവങ്ങളും ഒത്തുകൂടിയവർ പങ്കുവച്ചു. എല്ലാ പ്രായത്തിലുമുള്ള റൈഡർമാരുടെ പങ്കാളിത്തമായിരുന്നു ആഘോഷങ്ങളിലെ മറ്റൊരു സവിശേഷത. വിൻറേജ് ജാവ, യെസ്ഡി മോട്ടോർസൈക്കിളുകളും ചടങ്ങുകളിൽ പ്രദർശിപ്പിച്ചു. ഏറ്റവും പുതിയ യെസ്ഡി റോഡ്കിങ്സ് വരെയുള്ള ക്ലാസിക് കളക്ടർ മോട്ടോർസൈക്കിളുകളുടെ ശേഖരം ബെംഗളൂരു പതിപ്പിൽ പ്രദർശിപ്പിച്ചു.ഈ മോട്ടോർസൈക്കിളുകൾ ഇന്ത്യൻ റൈഡിങ് കമ്മ്യൂണിറ്റിയിൽ ചെലുത്തുന്ന വലിയ സ്വാധീനത്തിന്റെ തെളിവാണ് അന്താരാഷ്ട്ര ജാവയെസ്ഡി ദിനമെന്ന് ക്ലാസിക് ലെജൻഡ്സ് സിഇഒ ആശിഷ് സിങ് ജോഷി പറഞ്ഞു. ഐതിഹാസിക മോട്ടോർസൈക്കിളുകളെ മാത്രമല്ല, അവർ പ്രതിനിധീകരിക്കുന്ന അഡ്വഞ്ചർ, ഫ്രീഡം, കമ്മ്യൂണിറ്റി എന്നിവയുടെ ആത്മാവിനെയും ഈ ഇവൻറ് ആഘോഷിക്കുന്നു. ഈ ഇവൻറ് ക്ലാസിക് ലെജൻഡ്സിലെ ഓരോരുത്തർക്കും ശരിക്കും പ്രചോദനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മെറ്റ എഐ കൂടുതൽ ഭാഷകളിലേയ്ക്ക്

**കൊച്ചി:** മെറ്റ എഐ ഇപ്പോൾ ഹിന്ദി ഉൾപ്പെടെ ഏഴ് പുതിയ ഭാഷകളിലും ലാറ്റിൻ അമേരിക്കയടക്കം ലോകമെമ്പാടുമുള്ള കൂടുതൽ രാജ്യങ്ങളിലും. ഒപ്പം പുതിയ ക്രിയേറ്റീവ് ടൂളുകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അർജന്റീന, ചിലി, കൊളംബിയ, ഇക്വഡോർ, മെക്സിക്കോ, പെറു, കാമറൂൺ, തുടങ്ങി 22 രാജ്യങ്ങളിൽ മെറ്റ എഐ ഏറ്റവും പുതിയ ഫീച്ചറുകളിൽ ലഭ്യമാണ്. ഹിന്ദിറോമനൈസ്ഡ് സ്ക്രിപ്റ്റ്, ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ, പോർച്ചുഗീസ്, സ്പാനിഷ് തുടങ്ങിയ ഭാഷകളിലെല്ലാം വാട്ട്സ്ആപ്പ്, ഇൻസ്റ്റഗ്രാം, മെസഞ്ചർ, ഫേസ്ബുക്ക് തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ മെറ്റ എഐയുമായി സംവദിക്കാൻ സാധിക്കും.

ഒരു ക്രിയാത്മക പങ്കാളിയാവുന്നതിനൊപ്പം ജനങ്ങളുടെ ജീവിതം ആയാസരഹിതമാക്കുക കൂടിയാണ് മെറ്റ എഐ ചെയ്യുന്നത്. ഉപഭോക്താക്കളുടെ പ്രതികരണങ്ങൾ ശ്രദ്ധിച്ചുകൊണ്ട്, ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനായി ഓരോ രണ്ടാഴ്ചകളിലും മെറ്റ എഐ അപ്ഡേറ്റ് ചെയ്യുന്നു. കണക്കുകൾ, കോഡിംഗ് തുടങ്ങിയ സങ്കീർണ്ണ വിഷയങ്ങളുടെ പരിഹാരത്തിനായി ഞങ്ങളുടെ ഏറ്റവും പുതിയ മെറ്റ എഐ ഹിന്ദിയിൽ ലഭ്യമാണ്.

സൂപ്പർഹീറോ, അല്ലെങ്കിൽ റോക്ക് സ്റ്റാർ അതുമല്ലെങ്കിൽ ഒരു പ്രൊഫഷണൽ അത്ലറ്റ് ഇവയിലേതെങ്കിലും ആയിത്തീരണമെന്ന് നിങ്ങൾ സ്വപ്നം കണ്ടിട്ടുണ്ടോ? ഇമാജിൻ മി എന്ന നിർദേശത്തിലൂടെ മെറ്റ എഐയിൽ അത്തരമൊരു പശ്ചാത്തലത്തിൽ നിങ്ങൾക്ക് നിങ്ങളെത്തന്നെ കാണാൻ കഴിയും. ഈ ഫീച്ചർ അമേരിക്കയിൽ ബീറ്റയിൽ ഉടനെ പുറത്തിറക്കും.

വാട്ട്സ്ആപ്പിലും മെറ്റ എഐയിലുമെല്ലാം മികച്ചതും നൂതനവുമായ ഓപ്പൺ സോഴ്സ് ഉപയോഗിക്കാനുള്ള ഓപ്ഷൻ മെറ്റ എഐയിൽ സജ്ജമാക്കിയിട്ടുണ്ട്. ഇതുവഴി വിഷമകരമായ ചോദ്യങ്ങൾ പ്രത്യേകിച്ച് സങ്കീർണ്ണമായ ഗണിതം, കോഡിംഗ് തുടങ്ങിയ വിഷയങ്ങളിൽ ഘട്ടംഘട്ടമായ വിശദീകരണങ്ങളും ഫീഡ്ബാക്കും ലഭ്യമാക്കുന്നു. പ്രോഗ്രാമിലുള്ള തെറ്റുകൾ കണ്ടുപിടിച്ച് തിരുത്തുകയും ഒപ്റ്റിമൈസേഷൻ നിർദേശങ്ങൾക്കനുസരിച്ച് കോഡ് വേഗത്തിൽ എഴുതുന്നതിനും നിങ്ങളെ സഹായിക്കുന്നു.

മാത്രവുമല്ല സങ്കീർണ്ണവും ശാസ്ത്രീയവുമായ ആശയങ്ങൾ വിദഗ്ധ നിർദേശങ്ങളോടുകൂടി ലഭ്യമാക്കുകയും ചെയ്യുന്നു.



# സിബിഡിടിയുമായി കരാർ ഒപ്പുവെച്ച് ഭാരതി എയർടെൽ

**കോഴിക്കോട്:** സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് (സിബിഡിടി) നെറ്റ്വർക്ക് കണക്റ്റിവിറ്റി പങ്കാളിയായി ഭാരതി എയർടെലുമായി ധാരണയിൽ. ഭാരതി എന്റർപ്രൈസസ് സ്ഥാപകനും ചെയർമാനുമായ സുനിൽ ഭാരതി മിത്തൽ, സിബിഡിടി ചെയർമാൻ രവി അഗർവാൾ എന്നിവരാണ് കരാറിൽ ഒപ്പുവെച്ചത്. കരാറിന്റെ ഭാഗമായി, നേരിട്ടുള്ള നികുതികൾ ശേഖരിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും അക്കൗണ്ടിംഗ് ചെയ്യുന്നതിനുമുള്ള നിലവിലെ സംവിധാനം നവീകരിക്കുക എന്നിവ ലക്ഷ്യമിടുന്ന സിബിഡിടിയുടെ ടാക്സ്നെറ്റ്2.0 പ്രോഗ്രാമിന് എയർടെൽ ഡ്യുവൽ കണക്റ്റിവിറ്റി നൽകും. ടാക്സ്നെറ്റ്1.0നു വേണ്ടി 2008 മുതൽ സിബിഡിടിയുടെ നെറ്റ്വർക്ക് പാർട്ണറാണ് എയർടെൽ. ടാക്സ്നെറ്റ്2.0ലേക്ക് മാറുമ്പോളും ഡയറക്ടറേറ്റുമായുള്ള ഈ കരാർ, ഇരുവരും തമ്മിലുള്ള മികച്ച ബന്ധത്തിന്റെ തെളിവാണ്.

# അകുംസ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഐപിഒ ജൂലൈ 30 മുതൽ

**കൊച്ചി:** അകുംസ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ജൂലൈ 30 മുതൽ ആഗസ്ത് 01 വരെ നടക്കും. 680 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെയും പ്രമോട്ടർമാരുടെയും 17,330,435 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രണ്ട്. രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 646 രൂപ മുതൽ 679 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 22 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 22 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. 15 കോടി രൂപയുടെ ഓഹരികൾ അർഹരായ ജീവനക്കാർക്കായി മാറ്റിവെച്ചിട്ടുണ്ട്.. ഇതിൽ ഓഹരി ഒന്നിന് 64 രൂപവീതം ഡിസ്കൗണ്ട്. ലഭിയ്ക്കും.




# സിഎസ്ആർ നിയമങ്ങളെക്കുറിച്ചു സന്നദ്ധ സംഘടനകൾ സാക്ഷരരാകണമെന്ന് നിഖിൽ പന്ത്

**കൊച്ചി:** കേരളത്തിലെ സന്നദ്ധ സംഘടനകൾ സാമൂഹിക ഉത്തരവാദിത്ത ഫണ്ടുകളുടെ (സി.എസ്.ആർ) രാജ്യത്തെ നിയമങ്ങളെക്കുറിച്ചും നയങ്ങളെക്കുറിച്ചും സാക്ഷരരാകേണ്ടത് അത്യാവശ്യമാണെന്നും സമൂഹത്തിലെ പ്രശ്നങ്ങളെക്കുറിച്ച് മനസിലാക്കി കമ്പനികളുടെ സിഎസ്ആർ ഫണ്ടുകൾ നേടിയെടുക്കുന്നതിനും പ്രയോജനപ്രദമായി വിനിയോഗിക്കുന്നതിനും ഈ അറിവ് ഉപകരിക്കുമെന്ന് സിഎസ്ആർ ഉപദേഷ്ടാവായ നിഖിൽ പന്ത് അഭിപ്രായപ്പെട്ടു. ദക്ഷിണേന്ത്യയിലെ പ്രഥമ സോഷ്യൽ ഇന്നൊവേഷൻ ഉച്ചകോടിയോടനുബന്ധിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. നാഷണൽ എൻ ജി ഓ കോൺഫെഡറേഷൻറെ ആഭിമുഖ്യത്തിൽ ഹൈഫിക്ക് കൺസൽട്ടൻസിയുടെ നേതൃത്വത്തിലാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. രണ്ട് ദിവസങ്ങളിലായി നടക്കുന്ന ഉച്ചകോടിയിൽ സി എസ് ആർ ധനസമാഹരണം, സാമൂഹിക സ്റ്റാർട്ടപ്പുകൾ സമീപിക്കേണ്ട രീതികൾ തുടങ്ങി വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസുകൾ നയിക്കും

സാക്ഷരതയിൽ ഒന്നാമത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ, സിഎസ്ആർ ഫണ്ടുകൾ നേടിയെടുക്കുന്നതിനും മറ്റും നമ്മുടെ സന്നദ്ധ സംഘടനകളുടെ അറിവില്ലായ്മ ഈ മേഖലയിലെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു. രാജ്യത്തെ വിവിധ കമ്പനികളുടെ സാമൂഹിക ഉത്തരവാദിത്ത ഫണ്ടുകളെക്കുറിച്ചു മനസിലാക്കുന്നതിനും അത് നമ്മുടെ സമൂഹത്തിലെ അർഹരായ ഗുണഭോക്താക്കളിലെത്തിക്കുന്നതിനു വേണ്ടി പ്രയോജനപ്രദങ്ങളായ പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും ഈ അറിവ് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇത്തരത്തിലെ സമൂഹത്തിലെ പല നല്ല മാറ്റങ്ങൾക്ക് ചാലക ശക്തിയാകാൻ നമ്മുടെ സന്നദ്ധ സംഘടനകൾക്ക് കഴിയുമെന്നും ഇതിൽ യുവാക്കളുടെ പ്രേരണയും പങ്കാളിത്തവും സുപ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു.

രണ്ട് ദിവസം നീണ്ടു നിൽക്കുന്ന പ്രഥമ സോഷ്യൽ ഇന്നൊവേഷൻ ഉച്ചകോടിയുടെ ഉത്ഘാടനം എറണാകുളം എം എൽ എ ടി ജെ വിനോദ് ലെ മെറിഡിയനിൽ വെച്ച് നിർവഹിച്ചു. നാഷണൽ എൻജിഒ കോൺഫെഡറേഷൻ കോഓഡിനേറ്റർ അനന്തു കൃഷ്ണൻ, എച്ച് പി സോണൽ ഹെഡ് സിനീഷ് ശ്രീധർ, പ്രൊഫസർ ശിവൻ അമ്പാട്ട് (എൻറർപ്രണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട്, അഹമ്മദാബാദ്), ഡയറക്ടർ ബോർഡ് മെമ്പർമ്മാരായ ഡോ. ബീന സെബാസ്റ്റ്യൻ, പ്രസാദ് വാസുദേവ്, ബേബി കിഴക്കേഭാഗം, ഷീബ സുരേഷ് തുടങ്ങിയർ ചടങ്ങിൽ സംബന്ധിച്ചു.

സമൂഹത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി നവീനമായ ആശയങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളെ സംയോജിപ്പിച്ചു കൊണ്ട് അവർക്ക് വേണ്ടുന്ന ബോധവല്ക്കരണവും പരിശീലനവും നൽകുക എന്നതാണ് ഉച്ചകോടി ലക്ഷ്യമിടുന്നതെന്ന് നാഷണൽ എൻജിഒ കോൺഫെഡറേഷൻ കോഓഡിനേറ്റർ അനന്തു കൃഷ്ണൻ പറഞ്ഞു.

സാമൂഹിക സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന നൂതനമായ സമീപനങ്ങൾ, സാമൂഹിക സ്റ്റാർട്ടപ്പുകളെ ശാക്തീകരിക്കേണ്ട വിധം, സുസ്ഥിര സ്വാധീനത്തിനായുള്ള കോർപ്പറേറ്റ് എൻ ജി ഓ സഹകരണം, നോൺപ്രോഫിറ്റ് സംഘടനകൾക്ക് ധനസമാഹരണത്തിനു വേണ്ടതായ പുതിയ ട്രെൻഡുകൾ തുടങ്ങിയ വിഷയങ്ങളിൽ വിവിധ സെഷനുകൾ ഉച്ചകോടിയുടെ ആദ്യ ദിവസം നടന്നു. കോളേജ് വിദ്യാർത്ഥികൾക്കായി സംരംഭകത്വത്തിന് വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പ്രത്യേക സെഷനും സംഘടിപ്പിച്ചു.

ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുമായി 2000 ത്തോളം സന്നദ്ധപ്രവർത്തകരും സംഘടനകളും രണ്ടു ദിവസത്തെ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ആക്സിസ് ബാങ്കിന്റെ പ്രവർത്തന ലാഭം 9637 കോടിയിലെത്തി

**കൊച്ചി:** ആക്സിസ് ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ത്രൈമാസത്തിൽ വാർഷികാടിസ്ഥാനത്തിൽ 16 ശതമാനം വർധനവോടെ 9637 കോടി രൂപയുടെ പ്രവർത്തന ലാഭം കൈവരിച്ചു. മുൻ വർഷം ഇതേ കാലയളവിലെ 5797 കോടി രൂപയുടെ സ്ഥാനത്ത് 6035 കോടി രൂപയുടെ അറ്റാദായവും ബാങ്ക് കൈവരിച്ചിട്ടുണ്ട്. ബാങ്കിൻറെ അറ്റ പലിശ വരുമാനം വാർഷികാടിസ്ഥാനത്തിൽ 12 ശതമാനവും ത്രൈമാസാടിസ്ഥാനത്തിൽ മൂന്നു ശതമാനവും ഉയർന്ന് 13,448 കോടി രൂപയിലെത്തി. കാസ നിക്ഷേപങ്ങൾ വാർഷികാടിസ്ഥാനത്തിൽ നാലു ശതമാനം വർധിച്ചു. ബാങ്കിൻറെ മൂലധന പര്യാപ്തതാ നിരക്ക് 16.65 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തികൾ 0.34 ശതമാനവുമാണ്.

സിറ്റിയുമായുള്ള ലയനത്തിൻറെ അവസാന ഘട്ടമായിരുന്നതിനാൽ കഴിഞ്ഞ ത്രൈമാസം തങ്ങളെ സംബന്ധിച്ച് ഏറെ നിർണായകമായിരുന്നു എന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ആക്സിസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധരി പറഞ്ഞു. ലയനം മികച്ച രീതിയിൽ പൂർത്തീകരിക്കാനായതിൽ ആഹ്ലാദമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# സുരക്ഷാ ഡയഗ്നോസ്റ്റിക് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** മുൻനിര സംയോജിത ഡയഗ്നോസ്റ്റിക് സേവന ശൃംഖലയായ സുരക്ഷാ ഡയഗ്നോസ്റ്റിക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. കൊൽക്കത്ത ആസ്ഥാനമായുള്ള കമ്പനി നിലവിലുള്ള നിക്ഷേപകരുടെയും പ്രമോട്ടർമാരുടെയും 19,189,330 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എന്എസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ .

# ഐ.ഡി.ബി.ഐ. ബാങ്ക് ലാഭത്തിൽ 40% വർധന രേഖപ്പെടുത്തി

**കൊച്ചി:** ഐ.ഡി.ബി.ഐ. ബാങ്ക് ഇന്ന്, 25 സാമ്പത്തിക വർഷത്തിലെ ഒന്നാം പാദത്തിലെ ത്രൈമാസ ഫലങ്ങൾ പ്രഖ്യാപിച്ചു. 2025 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ അറ്റ ലാഭം 1,719 കോടി രൂപയായിരുന്നു, ഇത് വാർഷികാടിസ്ഥാനത്തിൽ 40% എന്ന ശക്തമായ വളർച്ചയാണ് രേഖപ്പെടുത്തിരിക്കുന്നത്. പ്രവർത്തന ലാഭം 2,076 കോടി രൂപയായാണ്. എൻ.ഐ.എം. 4.18% ആയി രേഖപ്പെടുത്തി, അറ്റ പലിശ വരുമാനം 2024 ഒന്നാം പാദത്തിലെ 3,998 കോടി രൂപയിൽ നിന്ന് 2025 ഒന്നാം പാദത്തിൽ 3,233 കോടി രൂപയായി. 2024 ഒന്നാം പാദത്തിൽ 4.58% ആയിരുന്ന നിക്ഷേപത്തിൻറെ വില 2025 ഒന്നാം പാദത്തിൽ 4.12 ശതമാനമായി. വാർഷികാടിസ്ഥാനത്തിൽ 209 ബി.പി.എസ്. വളർച്ചയോടെ സി.ആർ.എ.ആർ. 22.42% ആയി. റിട്ടേൺ ഓൺ അസറ്റ്സ് (ആർ.ഒ.എ.) 1.83%, വാർഷികാടിസ്ഥാനത്തിൽ 34 ബിപിഎസ് വളർച്ച.

# 1502 കോടി രൂപ പ്രവർത്തന വരുമാനം നേടി പേടിഎം

**ന്യൂഡൽഹി:** ഇന്ത്യയിലെ പ്രമുഖ പെയ്മെന്റ്, ധനകാര്യ സേവന വിതരണ കമ്പനിയായ പേടിഎം ബ്രാൻഡിന്റെ ഉടമസ്ഥരും ക്യു ആർ, സൗണ്ട് ബോക്സ്, മൊബൈൽ പെയ്മെന്റുകൾ എന്നിവയുടെ തുടക്കക്കാരുമായ വൺ 97 കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് (ഒസിഎൽ) 2025 ധനകാര്യ വർഷത്തിലെ ആദ്യ പാദ സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചപ്പോൾ നിർണ്ണായക മേഖലകളിലെല്ലാം തന്നെ തിരിച്ചുവരവ് രേഖപ്പെടുത്തി.

മുൻ പാദ കാലയളവിൽ ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ ചുവടു പിടിച്ചു കൊണ്ട് നേടിയെടുത്തതാണ് കമ്പനിയുടെ ഈ ധനകാര്യ ഫലങ്ങൾ



# അമൃതയിൽ ദന്തപരിപാലന പരിശീലന പരിപാടി നടത്തി

**കൊച്ചി:** ഐസിഎംആറിന്റെ നേതൃത്വത്തിലുള്ള മൾട്ടിസൈറ്റ് പ്രൈമറി സ്കൂൾ അധിഷ്ഠിത ഓറൽ ഹെൽത്ത് ഇംപ്ലിമെന്റേഷൻ റിസർച്ച് പദ്ധതിയായ ആനന്ദ് മുസ്കാന്റെ ഭാഗമായി അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രി സ്റ്റേക്ക്ഹോൾഡർ മീറ്റിംഗ് സംഘടിപ്പിച്ചു. അമൃത ആശുപത്രിയിൽ സംഘടിപ്പിച്ച പരിപാടി കൊച്ചി കോർപറേഷൻ മേയർ അഡ്വ. എം അനിൽകുമാർ ഉദ്ഘാടനം ചെയ്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ദേശീയ ആരോഗ്യ മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ.വ്യാസ് സുകുമാരൻ, ഐസിഎംആർ പ്രോഗ്രാം ഓഫീസർ ഡോ. നിതിക മോംഗ, അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രി പ്രിൻസിപ്പൽ ഡോ.ബാലഗോപാൽ വർമ്മ, ആനന്ദ് മുസ്കാൻ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ ചന്ദ്രശേഖർ ജാനകിറാം, കേരള ഡെന്റൽ കൗൺസിൽ പ്രസിഡന്റ് ഡോ. സന്തോഷ് തോമസ്, അമൃത ആശുപത്രിയിലെ അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. ബീന കെ വി എന്നിവർ സംസാരിച്ചു.

ദന്തപരിപാലനത്തിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള അറിവുകൾ ക്ലാസ് ടീച്ചർമാർ വഴി കുട്ടികളിലേക്കു പകർന്നു നൽകാൻ ലക്ഷ്യമിട്ടുള്ളതാണ് ആനന്ദ് മുസ്കാൻ പദ്ധതി. ആരോഗ്യ പരിപാലന വിദഗ്ധർ, സ്കൂളുകളിലെ പ്രിൻസിപ്പൽമാർ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കുന്നതിൽ നേരിടുന്ന പ്രധാന തടസ്സങ്ങൾ, സമയ പരിമിതി, ജലവിതരണത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ, അധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.



**കൊച്ചി മേയർ അഡ്വ. അനിൽകുമാറിന്റെ സാന്നിധ്യത്തിൽ മുത്തൂറ്റ് മിനി സി.ഇ.ഒ. പി.ഇ. മത്തായി ശുചീകരണ തൊഴിലാളിക്ക് മഴക്കോട്ട് കൈമാറുന്നു.കൊച്ചി കോർപ്പറേഷൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ. അഷ്റഫ്, കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മുഹമ്മദ് ഷാഫി, മുത്തൂറ്റ് മിനി ചീഫ് മാർക്കറ്റിംഗ് കൺസൾട്ടന്റ് കിരൺ ജെയിംസ്, അഡ്മിൻ ആന്റ് ഇൻഫ്ര വൈസ് പ്രസിഡന്റ് ബിബിൻ പി.എസ്., ഹെൽത്ത് ഓഫീസർ ഡോ. ശശി കുമാർ, ക്ലീൻ സിറ്റി മാനേജർ സുധീഷ് കുമാർ എന്നിവർ സമീപം.**

# കൊച്ചി കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികൾക്ക് മഴക്കോട്ടുകൾ നൽകി മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്

**കൊച്ചി:** രാജ്യത്തെ പ്രമുഖ ഗോൾഡ് ലോൺ എൻബിഎഫ്സികളിലൊന്നായ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് (മഞ്ഞ മുത്തൂറ്റ്) സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികൾക്ക് 1,000 മഴക്കോട്ടുകൾ കൈമാറി. കൊച്ചി മേയർ അഡ്വ. അനിൽകുമാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് സിഇഒ പി.ഇ. മത്തായി മഴക്കോട്ടുകൾ വിതരണം ചെയ്തു.

നമ്മുടെ നഗരം വൃത്തിയായി സൂക്ഷിക്കാൻ അക്ഷീണം പ്രയത്നിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് പിന്തുണ വാഗ്ദാനം ചെയ്യുന്നതിൽ അഭിമാനമുണ്ടെന്ന് പി.ഇ. മത്തായി പറഞ്ഞു. ശുചീകരണ തൊഴിലാളികൾക്ക് പരമാവധി സുരക്ഷയും ശുചിത്വവും ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. 202324 സാമ്പത്തിക വർഷത്തെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് 11 സംസ്ഥാനങ്ങളിലും 1 കേന്ദ്ര ഭരണ പ്രദേശത്തുമായുള്ള നിരാലംബരായ വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗുകൾ, കുടകൾ, നോട്ട്ബുക്കുകൾ തുടങ്ങിയവയും വിതരണം ചെയ്തിട്ടുണ്ട്.

കൊച്ചിയിൽ നടന്ന ചടങ്ങിൽ കൊച്ചി കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ അഷ്റഫ്, കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മുഹമ്മദ് ഷാഫി, മുത്തൂറ്റ് മിനി ചീഫ് മാർക്കറ്റിംഗ് കൺസൾട്ടന്റ് കിരൺ ജെയിംസ്, അഡ്മിൻ ആൻഡ് ഇൻഫ്രാ വൈസ് പ്രസിഡന്റ് ബിബിൻ പി.എസ്, ഹെൽത്ത് ഓഫീസർ ഡോ. ശശികുമാർ, ക്ലീൻ സിറ്റി മാനേജർ സുധീഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.




കെ എം എ യും കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും സംയുക്തമായി സംഘടിപ്പിച്ച കേന്ദ്ര ബജറ്റ് വിശകലന ചർച്ചയിൽ പി.ആർ ശേഷാദ്രി സംസാരിക്കുന്നു. ടി.കെ അരുൺ, ആനന്ദ് വെങ്കിട്ടരാമൻ, ബിബു പുന്നൂരാൻ എന്നിവർ സമീപം.

### ബജറ്റ് വിശകലന ചർച്ച സംഘടിപ്പിച്ചു

# ക്രെഡിറ്റിനെ ആശ്രയിച്ച് ബിസിനസ് തുടങ്ങരുതെന്ന് പി.ആർ ശേഷാദ്രി

**കൊച്ചി:** വെല്ലുവിളികളെ നേരിടാൻ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ പ്രാപ്തമാക്കണമെന്ന് ദി ഇക്കണോമിക് ടൈംസ് മുൻ എഡിറ്ററും കോളമിസ്റ്റുമായ ടി.കെ അരുൺ. കേരള മാനേജ്മെന്റ് അസോസിയേഷനും ദി കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും ചേർന്ന് നടത്തിയ പോസ്റ്റ് ബജറ്റ് വിശകലന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റഷ്യ, യു എസ് . ചൈന എന്നിവയെ ആശ്രയിച്ച് നിൽക്കേണ്ടതല്ല ഇന്ത്യൻ സമ്പദ്വ്യവസ്ഥ. തൊഴിൽ വൈദഗ്ധ്യം അനുദിനം മാറുകയാണ്. ഇതനുസരിച്ച് നൈപുണ്യ വികസനവും സാധ്യമാക്കണം. നികുതിപിരിവ് ശക്തിപ്പെടുത്തണം. അഗ്നിവീർ പദ്ധതി രാഷ്ട്രീയമായി കേന്ദ്രസർക്കാരിന് തിരിച്ചടിയായെങ്കിലും പദ്ധതിയിൽ നിന്ന് പിന്മാറാതിരുന്നത് എടുത്തു പറയേണ്ടതാണ്. കാർഷികമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളണം. കരിമ്പ് കൃഷിയിലടക്കം മാറ്റങ്ങൾ സാധ്യമാക്കാൻ കഴിയണം. നയം രൂപീകരിക്കുക എന്നത് മാത്രമാകരുത് ഉദ്ദേശം . സൗരോർജത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ തന്നെ തെർമൽ പവർ ഒഴിവാക്കാൻ കഴിയണം. കൂടുതലായി ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ സ്റ്റോറേജ് സംബന്ധിച്ചും ആലോചിക്കണം. ഇതിനെല്ലാം നയരൂപീകരണം അനിവാര്യമാണെന്നും ടി.കെ അരുൺ ചൂണ്ടിക്കാട്ടി.

ബജറ്റ് ചർച്ചകളിൽ സാമ്പത്തിക വളർച്ച പലപ്പോഴും കടന്ന് വരാറില്ലെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ പി.ആർ ശേഷാദ്രി പറഞ്ഞു. നയങ്ങളിൽ വ്യക്തതയുണ്ടാവുകയും നികുതി പിരിവ് കാര്യക്ഷമമാക്കുകയും വേണം. സ്വർണത്തിനു കസ്റ്റംസ് ഡ്യൂട്ടി ഇളവ് ചെയ്തത് ഉപഭോക്താക്കളെ സന്തോഷിപ്പിക്കുമെങ്കിലും സ്വർണ വ്യാപാരികളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കും. എംഎസ്എംഇ മേഖലയുടെ ശാക്തീകരണം, ക്രെഡിറ്റ് ഗ്യാരണ്ടി, മുദ്ര ലോൺ തുക വർധിപ്പിക്കൽ, തൊഴിലവസരങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ തുടങ്ങിയവയെല്ലാം ജനോപകാരപ്രദമാണ്. എന്നാൽ മൂലധനമില്ലാതെ ക്രെഡിറ്റിനെ ആശ്രയിച്ച് ബിസിനസ് തുടങ്ങരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ആവശ്യത്തിന് ക്രെഡിറ്റ് ലഭ്യമാക്കും, മൂലധനം ആവശ്യമില്ല എന്ന നയം തെറ്റായ സന്ദേശമാണ് നൽകുന്നത്. വായ്പ കൊടുക്കുന്നത് ഷെയർ മാർക്കറ്റിൽ പണം നിക്ഷേപിക്കും പോലെയല്ല. റിസ്ക് എടുക്കാനുള്ള ആത്മവിശ്വാസം അത് നഷ്ടപ്പെടുത്തും. അതിവേഗം നഗരവത്കരണം നടക്കുന്ന രാജ്യമാണ് ഇന്ത്യ. നഗരവികസനത്തിന് കൂടുതൽ തുക വകയിരുത്തുന്നത് സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തും. യുവ തലമുറയെ രാജ്യത്ത് പിടിച്ചു നിർത്താനുള്ള നയങ്ങൾ രൂപപെടുത്തണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. മെച്ചപ്പെട്ട ജീവിത സാഹചര്യം ലഭ്യമാകാത്തതാണ് യുവാക്കളെ രാജ്യം വിടാൻ പ്രേരിപ്പിക്കുന്നത്. ഇത് പരിഹരിക്കപ്പെടണമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡണ്ട് ആനന്ദ് വെങ്കിട്ടരാമൻ, കെഎംഎ ഓണററി ട്രഷറർ ദിലീപ് നാരായണൻ, കെ എം എ പ്രസിഡണ്ട് ബിബു പുന്നൂരാൻ എന്നിവർ പ്രസംഗിച്ചു.

# എഫ്ഐഎം ഏഷ്യ റോഡ് റേസിങ് ചാമ്പ്യൻഷിപ്പ്: നാലാം റൗണ്ടിനൊരുങ്ങി ഹോണ്ട ടീം

**കൊച്ചി:** ഇന്തോനേഷ്യയിലെ പെർറ്റാമിന മണ്ഡലിക ഇന്റർനാഷണൽ സർക്യൂട്ടിൽ നടക്കുന്ന 2024 എഫ്ഐഎം ഏഷ്യ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ നാലാം റൗണ്ടിന് സജ്ജരായി ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം. ഈ വാരാന്ത്യത്തിലാണ് മത്സരങ്ങൾ. ചാമ്പ്യൻഷിപ്പിന്റെ അവസാന റൗണ്ടിലെ സ്ഥിരതയാർന്ന പ്രകടനത്തെ തുടർന്ന് ഏഷ്യാ പ്രൊഡക്ഷൻ 250 സിസി വിഭാഗത്തിൽ ആകെ 12 പോയിന്റുമായാണ് ഇന്ത്യൻ ടീം നാലാം റൗണ്ടിലേക്കിറങ്ങുന്നത്.




മത്സരത്തിന്റെ അവസാന റൗണ്ട് വെല്ലുവിളികൾ നിറഞ്ഞതായിരുന്നുവെന്ന് ഹോണ്ട റേസിങ് ടീം അംഗം കാവിൻ ക്വിന്റൽ പറഞ്ഞു. അപ്രതീക്ഷിതമായി ബൈക്കിനുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ കാരണം തനിക്ക് മത്സരം പൂർത്തിയാക്കാനായില്ല.

പിഴവ് മനസിലാക്കി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിലാണ് ഇക്കുറി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. നാലാം റൗണ്ടിൽ കൂടുതൽ ശക്തമായി തിരിച്ചുവരാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും കാവിൻ ക്വിന്റൽ കൂട്ടിച്ചേർത്തു.ജപ്പാനിലെ അവസാന റൗണ്ട് വെല്ലുവിളികൾ നിറഞ്ഞതായിരുന്നെങ്കിലും വിലപ്പെട്ട പാഠങ്ങൾ ഉൾക്കൊള്ളാനായെന്ന് സഹതാരം മൊഹ്സിൻ പറമ്പൻ പറഞ്ഞു.

മത്സരത്തിലുടനീളം സ്ഥിരത നിലനിർത്താനും തന്ത്രപരമായ നീക്കങ്ങൾ നടത്താനുമാണ് ശ്രദ്ധിച്ചത്. നിർണായകമായ പ്രകടനത്തിൽ സ്വന്തം ടീമിൽ നിന്നുള്ള പിന്തുണക്ക് ഏറെ നന്ദിയുണ്ടെന്നും മലയാളി താരം പറഞ്ഞു.



ചാവറ കൾച്ചറൽ സെന്ററിന്റെയും, കരിത്തല സെന്റ് ജോസഫ്സ് സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച വായനദിനത്തിൽ മുതിർന്ന പത്രപ്രവർത്തകനും, കാർട്ടൂണിസ്റ്റുമായ ജോഷി ജോർജ്ജ് മുഖ്യസന്ദേശം നൽകി സംസാരിക്കുന്നു. ഫാ. സന്തോഷ് രാജ്, ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ., സിസ്റ്റർ ശാന്തി മരിയ എഇഇ,സിസ്റ്റർ ജെനി ജോസഫ് എഇഇ, എന്നിവർ സമീപം.

# വായനയിലൂടെയാണ് ഭാവനയുണ്ടാകുന്നത്: ജോഷി ജോർജ്ജ്

**കൊച്ചി :** വായനയിലൂടെയാണ് ഭാവനയുണ്ടാകുന്നത് മുതിർന്ന പത്രപ്രവർത്തകനും, കാർട്ടൂണിസ്റ്റുമായ ജോഷി ജോർജ്ജ് പറഞ്ഞു. ചാവറ കൾച്ചറൽ സെന്ററിന്റെയും, കരിത്തല സെന്റ് ജോസഫ്സ് സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച വായനദിനത്തിൽ മുഖ്യസന്ദേശം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. വായനാദിനത്തിൽ കുമാരി ഉഞ്ജല സൂര്യ കവിത പാരായണം ചെയ്തു. കുമാരി അന്ന കെയിൻ വായാനാദിനസന്ദേശവും, മാസ്റ്റർ അൻലിൻ നാടൻ പാട്ടും അവതിരിപ്പിച്ചു. വായനാദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരവും സംഘടിപ്പിച്ചു. വായനാദിനത്തോടനുബന്ധിച്ച് മലായാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ നടത്തിയ വായനാമത്സരത്തിലെ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കരിത്തല സെന്റ് ജോസഫ്സ് സ്കൂൾ പ്രധാന അധ്യാപിക സിസ്റ്റർ. ജെനി ജോസഫ് എഇഇ, എഫ്.സി.സി. കോൺവെന്റ് മദർ സുപ്പീരയർ സിസ്റ്റർ ശാന്തിമരിയ എഇഇ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ., ഫാ. സന്തോഷ് രാജ് എന്നിവർ പ്രസംഗിച്ചു.

## സംസ്കൃത സർവ്വകലാശാല കേരള സാഹിത്യ അക്കാദമിയുമായി അക്കാദമിക സഹകരണത്തിന് ധാരണ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കേരള സാഹിത്യ അക്കാദമിയുമായി അക്കാദമിക സഹകരണത്തിന് ധാരണയിൽ ഏർപ്പെടുവാൻ തീരുമാനിച്ചതായി വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അറിയിച്ചു. സർവ്വകലാശാല സിൻഡിക്കേറ്റ് ഈ വിഷയത്തിൽ അനുമതി നൽകി. സർവ്വകലാശാലയുടെ മലയാള വിഭാഗത്തെ തുടർനടപടികൾക്കായി നിയോഗിച്ചു.

## പി. ജി. ഡിപ്ലോമ കോഴ്സ് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പി. ജി. ഡിപ്ലോമ ഇൻ എപ്പിഗ്രഫി ആൻഡ് പാലിയോഗ്രഫി പ്രോഗ്രാം ഉടൻ ആരംഭിക്കുമെന്ന് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അറിയിച്ചു. കോഴ്സ് ആരംഭിക്കുന്നതിന് സിൻഡിക്കേറ്റ് അനുമതി നൽകി. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ സഹകരണത്തോടെയാണ് രണ്ട് സെമസ്റ്ററുകൾ ദൈർഘ്യമുള്ള പി. ജി. ഡിപ്ലോമ പ്രോഗ്രാം നടപ്പിലാക്കുക. ബ്രാഹ്മി, ഖരോഷ്ടി, വട്ടെഴുത്ത്, കോലെഴുത്ത്, ഗ്രന്ഥ, കർസോൺ എന്നീ ലിപികളിലുള്ള പുരാരേഖകൾ വായിക്കാനും വ്യാഖ്യാനിക്കാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുവാനാണ് ഈ പ്രോഗ്രാമിലൂടെ ഉദ്ദേശിക്കുന്നത്. ദക്ഷിണേന്ത്യൻ പഠനങ്ങൾ, കേരള ചരിത്രസാംസ്കാരിക പഠനങ്ങൾ എന്നിവയെ കേന്ദ്രകരിച്ചാണ് പി. ജി. ഡിപ്ലോമ പ്രോഗ്രാം വിഭാവനം ചെയ്തിരിക്കുന്നത്. കാലടി മുഖ്യകേന്ദ്രത്തിലായിരിക്കും കോഴ്സ് ആരംഭിക്കുക. സർവ്വകലാശാലയുടെ ഹിസ്റ്ററി വിഭാഗത്തിന്റെ ആഭിമുഖ്യത്തിലാണ് പ്രോഗ്രാം സംഘടിപ്പിക്കുക. ഈ അധ്യയന വർഷം തന്നെ പ്രോഗ്രാം ആരംഭിക്കുന്നതിനാണ് സർവ്വകലാശാല ശ്രമിക്കുന്നതെന്ന് പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു.

## കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ കമ്മ്യൂണിറ്റി റേഡിയോ തുടങ്ങുമെന്ന് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അറിയിച്ചു. ഇത് സംബന്ധിയായുള്ള തുടർ പ്രവർത്തനങ്ങൾക്കും വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും സിൻഡിക്കേറ്റ് അംഗം ഡോ. ശിവദാസൻ പി. യെ സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം ചുമതലപ്പെടുത്തി.

# വികസനത്തിന്റെ കാഴ്ചപ്പാടിൽ മനുഷ്യനും പ്രകൃതിയും കേന്ദ്രബിന്ദുവാകണം: മന്ത്രി കെ രാജൻ

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ കൊച്ചിൻ ചാപ്റ്ററിന്റെ ഏഴാമത് കോസ്റ്റ് കൺവെൻഷൻ 2024ൽ റവന്യൂ മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്തു. വികസിത രാഷ്ട്രത്തിലേക്കുള്ള ഇന്ത്യയുടെ മാറ്റത്തിനുള്ള ഉത്തേജനം എന്ന വിഷയത്തിലായിരുന്നു കൺവെൻഷൻ.

വികസനത്തിന്റെ കാഴ്ചപ്പാടിൽ മനുഷ്യനും പ്രകൃതിയും കേന്ദ്രബിന്ദുവാകുന്ന തരത്തിലുള്ള സുസ്ഥിര ആശയത്തിന് ബീജാവാപം നടത്താൻ കോസ്റ്റ് കൺവെൻഷന് സാധിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. കെട്ടിപ്പൊക്കിയ വലിയ പദ്ധതികളോടൊപ്പം സാമൂഹ്യ കാഴ്ചപ്പാടുകളും അവതരിപ്പിക്കാനാകണമെന്ന് കെ രാജൻ പറഞ്ഞു.

രാജ്യവികസനത്തിനുള്ള ലക്ഷ്യത്തിലേക്കുള്ള നിർണായക ചുവടുവെയ്പിന് കോസ്റ്റ് കൺവെൻഷൻ വഴിയൊരുക്കട്ടെയെന്നും മന്ത്രി ആശംസിച്ചു. വികസനത്തിന്റെ രണ്ടാം ഘട്ടത്തിലാണ് കേരളം എത്തിനിൽക്കുന്നതെന്നും അതിന്റെ മൂല്യം കണ്ടെത്താൻ കോസ്റ്റ് അക്കൗണ്ടിംഗ് രംഗത്തുള്ളവർക്കാണ് സാധിക്കുകയെന്ന് ഡോ. രവി രാമൻ പറഞ്ഞു.വിവിധ സെഷനുകളിലായി കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ ഡോ. കെ രവി രാമൻ, നിറ്റജെ



ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ കൊച്ചിൻ ചാപ്റ്ററിന്റെ ഏഴാമത് കോസ്റ്റ് കൺവെൻഷൻ 2024 റവന്യൂ മന്ത്രി രാജൻ ഉദ്ഘാടനം ചെയ്യുന്നു. ജോർജ് പി മാത്യു, മീന ജോർജ്ജ്, ഡോ. കെ രവി രാമൻ, രഞ്ജിനി ആർ എന്നിവർ സമീപം

ലാറ്റിൻ ഇന്ത്യ ലിമിറ്റഡ് എം ഡി (ഡെസിഗ്നേറ്റഡ്) പ്രവീൺ വെങ്കട്ടരമണൻ, ഇന്ത്യാ ഗവൺമെന്റ് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി (മെയിറ്റ് വൈ ഫിനാൻഷ്യൽ അനലിസ്റ്റ്) വിശ്വനാഥൻ മിശ്ര, ഡെലോയിറ്റ് പാർട്ണർ അമിത് സിംഗ്, മാനേജ്മെന്റ് കൺസൾട്ടിംഗ് പ്രൊഫഷണൽ എ എൻ രാമൻ എന്നിവർ സംസാരിച്ചു.

ഉദ്ഘാടന ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ കൊച്ചിൻ ചാപ്റ്റർ ചെയർപേഴ്സൺ മീന ജോർജ്ജ് സ്വാഗതവും വൈസ് ചെയർപേഴ്സൺ രഞ്ജിനി ആർ നന്ദിയും പറഞ്ഞു.

# ഫോർച്ച്യൂൺ ഡബ്ലിയു എം സി മൾട്ടി ക്യാപ് പോർട്ട് ഫോളിയോ ഫണ്ട് 500 കോടിയായി വർദ്ധിപ്പിക്കുന്നു

**കൊച്ചി:** പോർട്ട് ഫോളിയോ മാനേജ്മെൻറ് സർവ്വീസ് (പി എം എസ്) കമ്പനിയായ ഫോർച്യൂൺ വെൽത്ത് മാനേജ്മെൻറ് കമ്പനി (ഫോർച്യൂൺ ഡബ്ലിയു എം സി) യുടെ മൾട്ടി ക്യാപ് ഫണ്ട് മാനേജ്മെൻറിന് കീഴിലെ ആസ്തികൾ 2025 ടെ 500 കോടി രൂപയായി വർദ്ധിപ്പിക്കും.

ഈ പദ്ധതിയിലൂടെ സ്വീകരിക്കുന്ന ഏറ്റവും കുറഞ്ഞ നിക്ഷേപം 50 ലക്ഷം രൂപയാണ്. ചെറുകിട, ഇടത്തരം, വലിയ ക്യാപ് സ്റ്റോക്ക് വിഭാഗങ്ങളിൽ ശക്തമായ അടിത്തറയുള്ള കമ്പനികളിലാണ് പി എം എസ് പ്രോഡക്റ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കമ്പനിയുടെ നിലവിലുള്ള ഇടപാടുകാരിൽ നിന്നും ഇതിനകം തന്നെ 320 കോടി സമാഹരിച്ചു കഴിഞ്ഞു. ഐ സി ഐ സി ബാങ്കാണ് കമ്പനിയുടെ കസ്റ്റോഡിയൻ ആൻറ് ഫണ്ട് അക്കൗണ്ടിംഗ് സേവന പങ്കാളി. വലിയ ആസ്തികളുള്ള വ്യക്തികൾക്കും മികച്ച നിക്ഷേപകർക്കുള്ള സേവനങ്ങളും വിപുലീകരിക്കുന്നതിൻറെ ഭാഗമായി മുംബൈ, ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ രാജ്യത്തെ മെട്രോ നഗരങ്ങളിൽ പുതിയ ഓഫീസുകൾ തുറക്കുന്നതിനും പദ്ധതിയുണ്ട്. മുൻനിര സ്റ്റോക്ക് ബ്രോക്കിംഗ് സ്ഥാപനമായ ഫോർച്യൂൺ ഡബ്ലിയു എം സിക്ക് 2024 മാർച്ചിൽ സെബിയുടെ പിഎംഎസ് ലൈസൻസ് ലഭിക്കുകയും തുടർന്ന് ജൂണിൽ മൾട്ടി ക്യാപ് വാല്യൂ ഫണ്ട് ആരംഭിക്കുകയും ചെയ്തു. ബാങ്കിംഗ്, ഫോറിൻ എക്സ്ചേഞ്ച്, ക്യാപ്പിറ്റൽ മാർക്കറ്റ് എന്നിവയിൽ വിപുലമായ അനുഭവ സമ്പത്തുള്ള ജോസ് സി. എബ്രഹാമാണ് കമ്പനിയുടെ സ്ഥാപകനും തലവനും. മേഘ ജോസ് ബിസിനസ് ഗ്രോത്ത് മേധാവി. കൂടാതെ സാങ്കേതികവും അടിസ്ഥാനപരവുമായ വിശകലന വിദഗ്ധരുടെ ശക്തമായൊരു സംഘത്തിൻറെ പിന്തുണയും കമ്പനിക്കുണ്ട്.

# മിയാ ബൈ തനിഷ്കിന്റെ നെവർ ബിഫോർ സെയിൽ

**കൊച്ചി:** മുൻനിര ജൂവല്ലറി ബ്രാൻഡുകളിലൊന്നായ മിയാ ബൈ തനിഷ്ക്ക് 'നെവർ ബിഫോർ സെയിൽ' പ്രഖ്യാപിച്ചു. ഓഫർ സെയിലിൻറെ ഭാഗമായി ഉപഭോക്താക്കൾക്ക് പണിക്കൂലിയുടെ 110 ശതമാനം വരെ ഇളവു ലഭിക്കും. ആകർഷകമായ ഡിസൈനുകളിലുള്ള ആഭരണങ്ങൾ മികച്ച വിലയിൽ വാങ്ങാനുള്ള അവസരമാണ് നെവർ ബിഫോർ സെയിലിലൂടെ ലഭ്യമാക്കുന്നത്.



നെവർ ബിഫോർ സെയിലിൻറെ ഭാഗമായി ഒരു ആഭരണം വാങ്ങുമ്പോൾ പണിക്കൂലിയിൽ 50 ശതമാനം ഇളവും രണ്ട് ആഭരണം വാങ്ങുമ്പോൾ പണിക്കൂലിയിൽ 100 ശതമാനം ഇളവും ലഭിക്കും. നാല് ആഭരണങ്ങൾ വാങ്ങുമ്പോൾ അതിൽ ഏറ്റവും വില കുറഞ്ഞ ആഭരണം സൗജന്യമായും ലഭിക്കും. പഴയ തനിഷ്ക്, മിആ ആഭരണങ്ങൾ എക്സ്ചേഞ്ച് ചെയ്ത് ഈ ആനുകൂല്യങ്ങൾക്കു പുറമെ അധികമായി 10 ശതമാനം ഇളവും നേടാം.

അത്യാകർഷകമായ ഡിസൈനുകളിലുള്ള സ്റ്റഡുകൾ, മോതിരങ്ങൾ, ബ്രെയ്സ്ലെറ്റുകൾ, ഇയർ റിങ്ങുകൾ, ഇയർ കഫുകൾ, നെക്ലസുകൾ, പെൻഡൻറുകൾ തുടങ്ങിയ വിപുലമായ ആഭരണ ശേഖരമാണ് നെവർ ബിഫോർ സെയിലിലൂടെ ലഭ്യമാക്കുന്നത്.

14 കാരറ്റ് സ്വർണത്തിലുള്ള ഇരുന്നൂറിലേറെ ഡിസൈനുകളുമായി സ്റ്റാർബസ്റ്റ് ശേഖരവും മിആയുടെ നേചേഴ്സ് ഫൈനെസ്റ്റ് ശേഖരവും ഡയമണ്ട് സോഡിയാക് പെൻഡൻറുകളും സെയിലിൻറെ ഭാഗമായി ലഭിക്കും.

ജൂലൈ 30 വരെ മാത്രമായിരിക്കും നെവർ ബിഫോർ സെയിൽ ഓഫറുകൾ ലഭ്യമാവുക.

## ഇൻവെസ്കോ ഇന്ത്യ മാനുഫാക്ചറിങ് ഫണ്ട് എൻഎഫ്ഒ ആഗസ്റ്റ് എട്ടു വരെ

**കൊച്ചി:** ഇൻവെസ്കോ മ്യൂചൽ ഫണ്ടിൻറെ ഓപ്പൺ എൻഡഡ് ഇക്വിറ്റി മ്യൂചൽ ഫണ്ടായ ഇൻവെസ്കോ ഇന്ത്യ മാനുഫാക്ചറിങ് ഫണ്ടിൻറെ ന്യൂ ഫണ്ട് ഓഫർ ജൂലൈ 25 മുതൽ ആഗസ്റ്റ് എട്ടു വരെ നടത്തും. 80 മുതൽ 100 ശതമാനം വരെ നിക്ഷേപം നിർമാണ മേഖലകളിലെ ഓഹരികളിലും ഓഹരി അധിഷ്ഠിത പദ്ധതികളിലും വകയിരുത്തി മൂലധന വളർച്ച നേടുകയാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെ നിർമാണ മേഖലയിലെ വൻ വളർച്ച പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ഈ രംഗത്തെ വിവിധ വിപണി ഘട്ടങ്ങളിലുള്ള 5060 ഓഹരികളിലാവും നിക്ഷേപം നടത്തുക. നിഫ്റ്റി ഇന്ത്യ മാനുഫാക്ചറിങ് ടിആർഐ ആയിരിക്കും പദ്ധതിയുടെ അടിസ്ഥാന സൂചിക. എൻഎഫ്ഒ വേളയിൽ ആയിരം രൂപയായിരിക്കും കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായുള്ള അധിക നിക്ഷേപവും നടത്താം. എസ്ഐപിയിൽ കുറഞ്ഞ അപേക്ഷാ തുക അഞ്ഞൂറു രൂപയും തുടർ നിക്ഷേപങ്ങൾ ഓരോ രൂപയുടെ ഗുണിതങ്ങളും ആയിരിക്കും.

